# ന്യൂ ജനറേഷൻ ബൈക്കുകൾ പരിശോധിച്ചു

ക്രിമിനൽ സംഘങ്ങൾ ന്യൂ ജനറേഷൻ ഇരുചക്ര വാഹനങ്ങൾ ക്രിമിനൽ ആക്ടിവിറ്റിക്കും, മറ്റു നിയമ ലംഘനങ്ങൾക്കുമായി കൂടുതലായി ഉപയോഗിക്കുകയും അമിത വേഗതമൂലം അപകടങ്ങളിൽ പെടുകയും ട്രാഫിക് തടസ്സങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നത് ശ്രദ്ധയിൽപെട്ട സാഹചര്യത്തിൽ കോട്ടയം സബ് ഡിവിഷനിൽപെട്ട കോട്ടയം ഈസ്റ്റ്, കോട്ടയം വെസ്റ്റ് , കുമരകം, അയർക്കുന്നം, ഗാന്ധിനഗർ, ഏറ്റുമാനൂർ എന്നീ പോലിസ് സ്റ്റേഷൻ പരിധികളിൽ ന്യൂ ജനറേഷൻ ഇരുചക്ര വാഹങ്ങൾ ജില്ലാ പോലിസ് മേധാവി ശ്രീ ജി. ജയദേവ് ഐ പി എസിന്റെ നിർദ്ദേശ പ്രകാരം കോട്ടയം ഡി വൈ എസ് പി ആർ ശ്രീകുമാറിന്റെ നേതൃത്വത്തിൽ പരോശോധന നടത്തി. മോട്ടോർ വാഹന നിയമാനുസൃതമല്ലാത്ത നമ്പർ പ്ലേറ്റ് മോഡിഫിക്കേഷൻ , ഫാൻസി ലെറ്ററുകൾ ഉപയോഗിച്ച് നമ്പർ പ്ലേറ്റ് എഴുതുക, സൈലൻസർ മോഡിഫിക്കേഷൻ , ഹാൻഡിൽ വ്യത്യാസം വരുത്തുക , അഡീഷണൽ ലൈറ്റുകൾ , അഡീഷണൽ ഹോൺ , അമിത വേഗത , സിഗ് സാഗ് ആയി വണ്ടി ഓടിക്കുക , ഹെൽമറ്റ് ധരിക്കാതിരിക്കുക , രണ്ടിലധികം ആളുകൾ യാത്ര ചെയ്യുക , റിയർ വ്യൂ മിറർ ഇല്ലാതിരിക്കുക , ഉണ്ടെങ്കിൽ തന്നെ സ്റ്റൈലിനുവേണ്ടി ഒതുക്കി വയ്ക്കുക തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും പരിശോധിച്ചത്. ആകെ 741 ന്യൂ ജനറേഷൻ ബൈക്കുകൾ പരിശോധിച്ചു. അതിൽ 191 ബൈക്കുകൾ പിടിച്ചെടുത്തു. 185 പേരെ ഫൈൻ അടപ്പിച്ചു. Rs. 43050/- രൂപ പിഴ ഇനത്തിൽ ഈടാക്കി. കോട്ടയം ഡി വൈ എസ് പി യുടെ നേതൃത്വത്തിൽ ഇൻസ്പെക്ടർ മാരായ , എം ജെ അരുൺ , നിർമ്മൽ ബോസ് , ഗോപകുമാർ, അൻസാരി , ബാബു സെബാസ്റ്റ്യൻ , സജീവ് ചെറിയാൻ , ട്രാഫിക് എസ് ഐ മനു വി നായർ എന്നിവർ പങ്കെടുത്തു. വരും ദിവസങ്ങളിൽ ന്യൂ ജെൻ ടൂ വീലർ പരിശോധന കർശനമാക്കും.

***ജില്ലാ പോലീസ്, കോട്ടയം***